സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

**Independent Daily**

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 59 | ലക്കം: 154 | 2024 ഒക്ടോബർ 02 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



**സ്വതന്ത്രമണ്ഡപം**
**പത്രത്തിന്റെ**
**ഓൺലൈൻസന്ദർശിക്കുക**
Visit
Swathanthra Mandapam Online
www.swathanthramandapam.com


## ഇസ്രായേൽ പ്രത്യാക്രമണം നടത്തിയാൽ വൻ തിരിച്ചടിയെന്ന് ഇറാൻ സൈനിക മേധാവി

തെഹ്റാൻ: ഇസ്രായേലിന്റെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് പരിമിതമായ തോതിൽ മാത്രമാണ് മിസൈൽ ആക്രമണം നടത്തിയതെന്ന് ഇറാൻ. എന്നാൽ, ഇസ്രായേൽ പ്രത്യാക്രമണം നടത്തിയാൽ വലിയ രീതിയിലുള്ള തിരിച്ചടിയുണ്ടാവുമെന്നും മേജർ ജനറൽ മുഹമ്മദ് ബാഗരി പറഞ്ഞു. ഇസ്രായേലിന്റെ മിലിറ്ററി ഇൻഫ്രാസ്ടെക്ചർ, മൊസാദ് രഹസ്യാന്വേഷണ കേന്ദ്രം, നേവാറ്റിം എയർബേസ്, ഹാറ്റ്സോർ എയർബേസ്, റഡാർ ഇൻസ്റ്റലേഷനുകൾ എന്നിവ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, ഇറാനെതിരെ ഇസ്രായേൽ ആക്രമണം നടത്തിയാൽ കൂടുതൽ ശക്തമായ തിരിച്ചടിയുണ്ടാവും. ഇസ്രായേലിന്റെ സാമ്പത്തിക കേന്ദ്രങ്ങളെ ലക്ഷ്യമിടുമെന്നും അദ്ദേഹം പറഞ്ഞു.

# രാഷ്ട്രീയപ്പാർട്ടി രൂപീകരിക്കും: അൻവർ



നിലമ്പൂർ: പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മുൻപ് രാഷ്ട്രീയപ്പാർട്ടി രൂപീകരിക്കുമെന്ന് പി.വി.അൻവർ എം.എൽ.എ. തിരഞ്ഞെടുപ്പുകളിൽ മൽസരിക്കാൻ രാഷ്ട്രീയപ്പാർട്ടി ആവശ്യമാണ്. തനിക്ക് ലക്ഷക്കണക്കിന് യുവാക്കളുടെ പിന്തുണ ലഭിക്കുമെന്നും അൻവർ മലപ്പുറത്ത് പറഞ്ഞു. മഞ്ചേരിയിൽ ഒരുലക്ഷംപേരെ പങ്കെടുപ്പിച്ച് പൊതുയോഗം നടത്തുമെന്നും അൻവർ.

നിലമ്പൂർ: മലപ്പുറത്ത് സ്വർണക്കടത്തും ഹവാല പണമിടപാടും കൂടുതലാണെന്നും ഇത് രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നുമുള്ള അഭിമുഖത്തിലെ പരാമർശം പി.ആർ. ഏജൻസി ഒപ്പിച്ച പണിയാണെന്ന മുഖ്യമന്ത്രിയുടെ ന്യായീകരണം പച്ച കള്ളമെന്ന് പി.വി. അൻവർ.

പത്രം തെറ്റായിട്ടാണ് അഭിമുഖം പ്രസിദ്ധീകരിച്ചതെങ്കിൽ അച്ചടിച്ച് വന്ന ദിവസം മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും ഇടപെടേണ്ടതായിരുന്നു. എന്നാൽ 32 മണിക്കൂർ കഴിഞ്ഞ് വിവാദവും പ്രതിഷേധങ്ങളും ഉയർന്നതോടെയാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ഒരു നാടകം കളിച്ചതെന്നും അൻവർ ആരോപിച്ചു.

മുഖ്യമന്ത്രി സ്ഥാനം ഒഴിയുന്നതാണ് നല്ലത്. അല്ലാതെ ഒരു റിയാസല്ല നൂറ് റിയാസ് വന്ന് ന്യായീകരിച്ചാലും കേരളത്തിലെ ജനങ്ങൾ യഥാർഥ്യം തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അൻവർ വ്യക്തമാക്കി മലപ്പുറത്തെ കുറിച്ച് പറഞ്ഞ, പത്രത്തിൽ വന്ന കാര്യങ്ങൾ അതിന് മുമ്പ് നടത്തിയ പത്ര സമ്മേളനത്തിൽ മുഖ്യമന്ത്രി കൃത്യമായി പറഞ്ഞതാണ്. വിവാദമായതിന് ശേഷം മുഖ്യമന്ത്രി കരിപ്പൂർ വിമാനത്താവളമെന്നും കോഴിക്കോട് വിമാനത്താവളമെന്നും ഉപയോഗിച്ച് തുടങ്ങിയെന്നും അൻവർ പറഞ്ഞു.

മുസ്ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറം ദേശദ്രോഹികളുടെ താവളമാണെന്ന് രാജ്യം മുഴുവൻ അറിയാൻ വേണ്ടിയാണ് ദ ഹിന്ദുവിന് ഡൽഹിയിൽവെച്ച് മുഖ്യമന്ത്രി അഭിമുഖം നൽകിയത്. അതുവഴി ആർഎസ്എസ്-ബിജെപി കേന്ദ്രങ്ങളിൽ ഇത് ചർച്ചയാകണമെന്ന് മുഖ്യമന്ത്രി ആഗ്രഹിച്ചുവെന്നും നിലമ്പൂർ എംഎൽഎ പറഞ്ഞു.

### 'മുഖ്യമന്ത്രിയുടെ ഓഫിസ് കത്തയച്ചത് നാടകം'

മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിന്റെ റെക്കോഡ് പുറത്തുവിടാൻ ദ ഹിന്ദു തയ്യാറാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതൊരു ശക്തമായ ഗൂഢാലോചനയുടെ ഭാഗമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ അതിനൊക്കെ ശേഷിയുള്ളവർ ഉണ്ട്. അവർ ആർഎസ്എസ് നേതൃത്വവുമായി ആലോചിച്ചാണ് മുഖ്യമന്ത്രിയുടെ അഭിമുഖം നൽകിയതെന്നും അൻവർ പറഞ്ഞു.

'ഞാൻ നൽകിയ പരാതിയിൽ പ്രത്യേക അന്വേഷണ സംഘം നാളെയാണ് റിപ്പോർട്ട് നൽകേണ്ടത്. എന്നിട്ട് അവർ ഇന്നലെയാണ് എന്റെ അടുക്കൽ മൊഴിയെടുക്കാനെത്തിയത്. ഇന്നലെ വൈകീട്ട് എസ്ഐടി സംഘം ഇവിടെ വന്നു. മൊഴി തരില്ലെന്ന് പറഞ്ഞു. അന്വേഷണ റിപ്പോർട്ട് വരട്ടെ. ഈ നാടകത്തിന് നിന്നുകൊടുക്കാൻ ഞാൻ തയ്യാറല്ല' അൻവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## സിപിഎമ്മിന്റെയടക്കം ഒരു പാർട്ടിയുടെയും പിന്തുണ ഭാവിയിൽ വേണ്ട, എല്ലാം ഇന്ന് തുറന്ന് പറയും– ജലീൽ



മലപ്പുറം: ഭാവിയിൽ ഒരു രാഷ്ട്രീയപ്പാർട്ടിയുടേയും പിന്തുണ തനിക്ക് ആവശ്യമില്ലെന്ന് സിപിഎം സ്വതന്ത്ര എം.എൽ.എ. കെ.ടി. ജലീൽ. താൻ പൂർണസ്വതന്ത്രനാണെന്നും അദ്ദേഹം പറഞ്ഞു. പി.വി. അൻവർ എം.എൽ.എ.യുടെ പല നിരീക്ഷണങ്ങളോടും യോജിപ്പുണ്ടെന്നും എന്നാൽ മറ്റു പല അഭിപ്രായങ്ങളോടും തനിക്ക് ശക്തമായ വിയോജിപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു. തന്റെ 12–ാമത് പുസ്തകം പ്രകാശനം ചെയ്ത ശേഷം അവയൊക്കെ ഇന്ന് മാധ്യമങ്ങളോട് വെളിപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെ.ടി. ജലീൽ പറഞ്ഞത്; മലപ്പുറം ജില്ലയിൽ നിന്ന് 20 വർഷം തുടർച്ചയായി ജയിക്കുന്ന ആദ്യത്തെ ഇടതുപക്ഷ പ്രതിനിധിയാണ് ഞാൻ. പാർലമെന്ററി രാഷ്ട്രീയ പ്രവർത്തനത്തിനപ്പുറം മറ്റുപല കാര്യങ്ങളും ചെയ്യാനുണ്ട്. എനിക്കിനി പാർലമെന്ററി രാഷ്ട്രീയത്തിൽ താത്പര്യമില്ല. ഒരു ബോർഡ് ചെയർമാൻ പോലും ഇനി ആകേണ്ട കാര്യമില്ല. എന്ന് പറഞ്ഞുകൊണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. ഭാവിയിൽ ഒരാളുടേയും പിന്തുണയോ സഹായമോ വേണ്ടാത്ത ഒരാളാണ് ഞാൻ.

മുഖ്യമന്ത്രിയുടേതായാലും സി.പി.എം. പാർട്ടിയുടേതായാലും കോൺഗ്രസിന്റേതായാലും ലീഗിന്റേതായാലും ഏത് പാർട്ടിയുടേതായാലും അങ്ങനെ ഒരു പ്രത്യേക സഹായം എനിക്കോ എന്റെ മക്കൾക്കോ വേണ്ട എന്ന് തീരുമാനിക്കുന്ന ഒരാൾക്ക് അയാളുടെ നിലപാട് വ്യക്തതയോടെ പറയാൻ കഴിയും.

പി.വി. അൻവറിന്റെ പല നിരീക്ഷണങ്ങളോടും പല അഭിപ്രായങ്ങളോടും യോജിപ്പുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളോടും ശക്തമായ വിയോജിപ്പുണ്ട്. അത് നാലരയ്ക്ക് കാണാം. ഒരാളുടെ സഹായവും ആവശ്യമില്ല. അതുകൊണ്ട് തന്നെ ഒരാളേയും പ്രീതിപ്പെടുത്തേണ്ട ആവശ്യമില്ല.

എന്താണ് കഴിഞ്ഞ കാല അനുഭവത്തിൽ നിന്ന് എനിക്കെന്താണ് മനസ്സിലായത്. അതാണ് പറയുക– കെ.ടി. ജലീൽ പറഞ്ഞു.



**തൃ**ശൂർ ഇന്ന് ഒക്ടോബർ രണ്ട് ഗാന്ധിജയന്തി.രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ 155–ാം ജന്മദിനം.അഹിംസയിലൂടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധിജിഓരോഭാരതീയന്റെയും മനസുകളിൽ ഇന്നും ജീവിക്കുന്നു. 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെപോർബന്തറിൽകരംചന്ദ്ഗാന്ധിയുടെയും പുത്‌ലി ബായിയുടെയുംമകനായാണ്ഗാന്ധിജി ജനിച്ചത്.

രാജ്യത്തിൻ ദിശാബോധം പകർന്നു നൽകിയഅദ്ദേഹത്തിന്റെ ജന്മദിനം രാജ്യം വിപുലുമായി തന്നെ ആഘോഷിക്കുകയാണ്.ഒക്ടോബർ 1 മുതൽ പരിസരംശുചിയാക്കുന്ന പ്രവൃത്തികൾ രാജ്യത്തുടനീളം നടന്നു.രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയുംഅടക്കമുള്ളവർ രാജ്ഘട്ടിലെ ഗാന്ധിജിയുടെ സമാധി സ്ഥലത്തെത്തി ഇന്ന് പുഷ്പാർച്ചന നടത്തും. സംസ്ഥാനസർക്കാരുകളുടെ ഭാഗമായുംവിപുലമായ ആഘോഷങ്ങൾ നടക്കും.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ മുന്നണി പോരാളിയായിരുന്നു അദ്ദേഹം. ലോകത്തിന് മുന്നിൽ അഹിംസയുടേയും സത്യാഗ്രഹത്തിന്റേയുംപുതിയപാത തുറന്നുകൊടുത്തത് ഗാന്ധിജിയാണ്.അതുകൊണ്ട് തന്നെ ഗാന്ധി ജയന്തി ദിനം അന്താരാഷ്ട്ര അഹിംസ ദിനമായുംആചരിക്കപ്പെടുന്നു. മോഹൻദാസ് കരംചന്ദ്ഗാന്ധിഎന്നാണ് യഥാർഥ പേരെങ്കിലും പ്രവർത്തികളിലൂടെ ജനങ്ങൾക്ക് അദ്ദേഹം മഹാത്മ ഗാന്ധിയായി,കുട്ടികളുടെ പ്രിയപ്പെട്ട ബാപ്പുജിയായി.

ഇന്ത്യൻസ്വാതന്ത്ര്യത്തിൽ ഗാന്ധി നൽകിയ സംഭാവനകൾ ഇന്നും ഓരോ ഇന്ത്യൻ പൗരനും സ്മരിക്കുന്നു. 'എൻറെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ഈ ലോകത്തോട് വിളിച്ചു പ റഞ്ഞ മഹാത്മ ഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പുത്തൻ വഴി വെട്ടിത്തുറക്കുകയായിരുന്നു.

അഹിംസയെ തന്റെ സമരായുധമാക്കിയായിരുന്നു ഗാന്ധിയുടെ യുദ്ധം. ദണ്ഡിയാത്ര, ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം, നിസ്സഹകരണ പ്രസ്ഥാനം തുടങ്ങിയവയുടെ അമരത്ത്ഗാന്ധി ഉണ്ടായിരുന്നു.ഗാന്ധിയുടെ സമര മാർഗങ്ങൾ എല്ലാം ഇന്ത്യയ്ക്ക്സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിലെ സംഭാവനകളായിരുന്നു.

## അൻവറിന്റെ പുതിയ രാഷ്ട്രീയ പാർട്ടി പ്രഖ്യാപനം യു ഡി എഫ് ചർച്ച ചെയ്യും: കുഞ്ഞാലിക്കുട്ടി

മലപ്പുറം: അൻവറിന്റെ രാഷ്ട്രീയ പാർട്ടി പ്രഖ്യാപനം യു ഡി എഫ് ചർച്ച ചെയ്യുമെന്ന് മുസ്ലീംലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി പ്രസ്താവിച്ചു. ഇന്ന് രാവിലെ തന്നെ പ്രതിപക്ഷ നേതാവുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. മുസ്ലിം ലീഗ് ശക്തമാണെന്നും അതിന് പുതിയ പാർട്ടി ഒരു ഭീഷണിയാവില്ലെന്നും അദ്ദേഹം പറഞ്ഞു. മലപ്പുറം ജില്ലയെ കുറിച്ച് മുഖ്യമന്ത്രി നടത്തിയ അഭിമുഖം ഏറെ വിവാദപരമാണെന്ന് അദ്ദേഹം പ്രതികരിച്ചു.

## മുഖ്യമന്ത്രി പറഞ്ഞത് ഗൗരവതരം: വാർത്ത നിഷേധിച്ചിട്ട് കാര്യമില്ല, റിപ്പോർട്ട് തേടും: ഗവർണർ



കോഴിക്കോട്: സ്വർണക്കള്ളക്കടത്ത് പണം രാജ്യവിരുദ്ധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞത് അതീവ ഗൗരവതരമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. രാജ്യവിരുദ്ധ പ്രവർത്തനം നടക്കുന്നുവെന്ന് അറിഞ്ഞിട്ടും മുഖ്യമന്ത്രി അത് ഗവർണറോട് മറച്ചുവെച്ചു. മാധ്യമങ്ങളോട് വിശദീകരിച്ചു, ഗവർണ്ണറെ ഇരുട്ടിൽ നിർത്തുകയാണ് ചെയ്തത്. ഇക്കാര്യം സെപറ്റംബർ 21 ന് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞതാണ്.

ഹിന്ദു ദിനപ്പത്രത്തിന്റെ വാർത്ത മുഖ്യമന്ത്രി നിഷേധിച്ചിട്ട് കാര്യമില്ല. ഇതിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകും. ഫോൺ ചോർത്തലിൽ മുഖ്യമന്ത്രിയോട് റിപ്പോർട്ട് തേടിയിരുന്നു. ഒരാഴ്ച ആയിട്ടും റിപ്പോർട്ട് ലഭിച്ചിട്ടില്ല. കുറച്ചുകൂടി കാത്തുനിൽക്കും. അതിനുശേഷം തുടർനടപടി സ്വീകരിക്കുമെന്നും കോഴിക്കോട്ട് മാധ്യമ പ്രവർത്തകരോട് സംസാരിക്കവെ ഗവർണർ പറഞ്ഞു.

## ലഡാക്ക് അപകടത്തിൽ കാണാതായവരിൽ കാട്ടൂർ സ്വദേശിയും

പത്തനംതിട്ട: ലേ ലഡാക്കിൽ 56 വർഷം മുമ്പ് വിമാനാപകടത്തിൽ കാണാതായ സൈനികരിൽ പത്തനംതിട്ട സ്വദേശിയായ ഒരാൾ കൂടി. കാട്ടൂർ വയലത്തല ഈട്ടിനിൽക്കുന്ന കാലായിൽ ഇ.എം. തോമസിനെയാണ് കാണാതായത്. 21 വയസായിരുന്നു.

കാണാതായ മറ്റൊരു സൈനികനായ ഇലന്തൂർ ഓടാലിൽ തോമസ് ചെറിയാന്റെ മൃതദേഹം കണ്ടെത്തിയെന്ന വാർത്ത ഇ.എം.തോമസിന്റെ കുടുംബാംഗങ്ങൾക്കും പ്രതീക്ഷയേകുന്നു. തോമസ് ചെറിയാന്റെ അകന്ന ബന്ധു കൂടിയാണ് ഇ.എം.തോമസ്.

ഈട്ടിനിൽക്കുന്നകാലായിൽ ഇ.ടി.മാത്യുവിന്റെയും സാറാമ്മ മാത്യുവിന്റെയും മൂത്ത മകനാണ്. സഹോദരൻ ബാബു മാത്യുവിന്റെ മക്കളാണ് ഇപ്പോൾ വയലത്തലയിലെ വീട്ടിൽ താമസിക്കുന്നത്. സഹോദരി മോളി വർഗീസ് അമേരിക്കയിലാണ്. തോമസിന്റെ മരണത്തെ തുടർന്ന് സഹോദരൻ ബാബു തോമസിന് സർക്കാർ,? വനംവകുപ്പിൽ ജോലി നൽകിയിരുന്നു. മാതാപിതാക്കൾക്ക് സൈന്യത്തിൽനിന്ന് പെൻഷനും ലഭിച്ചിരുന്നു. ബാബു മാത്യുവും മാതാപിതാക്കളും മരിച്ചു.

ഇതേ അപകടത്തിൽപ്പെട്ട കോട്ടയം സ്വദേശിയായ കെ.കെ. രാജപ്പൻ എന്നയാളെക്കുറിച്ചും ബന്ധുക്കൾക്ക് ഇതേവരെ വിവരം ലഭിച്ചിട്ടില്ല.






## രാജ്യത്തേക്കും പുറത്തേക്കുമുള്ള വിമാന സർവീസുകൾ റദ്ദാക്കി യുഎഇ, സംഘർഷം കനത്താൽ പ്രവാസികൾ വലയും

ദുബായ്: പശ്ചിമേഷ്യൻ മേഖലയിൽ യുദ്ധഭീതി കനത്തതോടെ നിരവധി വിമാനങ്ങൾ റദ്ദാക്കി യുഎഇ. രാജ്യത്തേക്കും പുറത്തേക്കുമുള്ളതുൾപ്പെടെ നിരവധി വിമാനങ്ങളാണ് യുഎഇ ആസ്ഥാനമായുള്ള എയർലൈനുകൾ റദ്ദാക്കുകയോ വഴിതിരിച്ചുവിടുകയോ ചെയ്യുന്നത്.

പല വിമാനകമ്പനികളും പശ്ചിമേഷ്യൻ മേഖലകളിലേക്കുള്ള വിമാനങ്ങൾ താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണെന്നാണ് റിപ്പോർട്ട്. എന്നാൽ ചില വിമാനക്കമ്പനികളാകട്ടെ ഭീഷണിയുള്ള വ്യോമപാതകൾ ഒഴിവാക്കാനായി വിമാനങ്ങൾ വഴിതിരിച്ചു വിടുകയാണ്.

ദുബായിലെ മുൻനിര വിമാനക്കമ്പനിയായ എമിറേറ്റ്സ് ഇന്നും നാളെയും ഇറാക്ക് (ബസ്റ, ബാഗ്ദാദ്), ഇറാൻ (ടെഹ്റാൻ), ജോർദാൻ (അമ്മാൻ) എന്നിവിടങ്ങളിലേക്കുള്ള എല്ലാ വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്.

സംഘർഷസാദ്ധ്യത ഇല്ലാതായതിനുശേഷം മാത്രമായിരിക്കും ഇവിടേയ്ക്കുള്ള വിമാനങ്ങൾ പഴയതുപോലെ സർവീസ് നടത്തുക. റദ്ദാക്കാത്ത സർവീസുകൾക്ക് കാലതാമസം ഉണ്ടാകാൻ ഇടയുണ്ടെന്ന് ഇത്തിഹാദ് എയർലൈൻസ് വ്യക്തമാക്കിയിട്ടുണ്ട്.

ഇസ്രയേൽ ഇറാന് തിരിച്ചടി നൽകുകയും സംഘർഷം കൂടുതൽ കനക്കുകയും ചെയ്താൽ ഇന്ത്യയിലേക്കുൾപ്പെടെയുള്ള വിമാനസർവീസുകൾ റദ്ദാക്കിയേക്കും എന്നാണ് ലഭിക്കുന്ന സൂചനകൾ.നേരത്തേ തന്നെ യുദ്ധഭീതി ഉണ്ടായിരുന്നു എങ്കിലും കഴിഞ്ഞദിവസം ഇറാൻ ഇസ്രയേലിനുനേരെ മിസൈൽ വർഷം നടത്തിയതോടെയാണ് യുദ്ധഭീതി കൂടുതൽ കടുത്തത്. തിരിച്ചടി ഉണ്ടാകുമെന്ന് ഇസ്രയേൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.



പശ്ചിമേഷ്യയിലെ സംഘർഷസാദ്ധ്യതയ്ക്ക് ഒട്ടും അയവുവന്നിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. തങ്ങളുടെ രാജ്യത്തിനുനേരെ മിസൈൽ വർഷം നടത്തിയ ഇറാന് ശക്തമായ തിരിച്ചടി നൽകുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വ്യക്തമാക്കിയിട്ടുണ്ട്. 'ഇറാൻ രാത്രി ഒരു വലിയ തെറ്റ് ചെയ്തു. അതിനുള്ള മറുപടി കൊടുക്കും. സ്വയം പ്രതിരോധിക്കാനും ശത്രുവിന് തിരിച്ചടി നൽകാനുമുള്ള ഞങ്ങളുടെ നിശ്ചയദാർഢ്യം ഇറാന് മനസിലാകുന്നില്ല. അനന്തര ഫലങ്ങൾ ഇറാൻ ഉടൻതന്നെ അനുഭവിക്കും'– എന്നാണ് നെതന്യാഹു പറഞ്ഞത്. സംഘർഷം ഒഴിവാക്കാനുള്ള ശ്രമങ്ങൾ വൻശക്തികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ വിജയിക്കുമോ എന്ന കാര്യത്തിൽ സംശയമുണ്ട്.

### നടൻ നിവിൻ പോളി മുൻകൂർ ജാമ്യം തേടില്ല

കൊച്ചി: ലൈംഗികാതിക്രമ കേസിൽ നടൻ നിവിൻ പോളി മുൻകൂർ ജാമ്യം തേടില്ല. എഫ്ഐആർ റദ്ദാക്കാൻ അപേക്ഷ നൽകേണ്ടതില്ലെന്നുമാണ് നടന്റെ തീരുമാനം. കേസ് എതിരാകില്ലെന്ന നിഗമനത്തെ തുടർന്നാണ് തീരുമാനം. കോതമംഗലം സ്വദേശിനിയായ യുവതി നൽകിയ പരാതിയിൽ നടനെതിരെ കേസെടുത്ത് അന്വേഷണം നടക്കുകയാണ്. കേസിൽ നിവിനെ ഇന്നലെ പൊലീസ് ചോദ്യം ചെയ്തിരുന്നു.




